(എഫ്) ജൈവകാർഷികോല്പന്നങ്ങൾ മാത്രമേ കയറ്റുമതി ചെയ്യാവൂ എന്ന ഡബ്ല്യൂ. ടി. ഒ. തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഡബ്ല്യൂ. ടി. ഒ.-യുടെ ഈ തീരുമാനം സംസ്ഥാനത്തെ സുഗന്ധ വ്യജ്ഞനങ്ങളുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കുമെന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാർഗ്ഗരേഖകൾക്കനുസൃതമായി ഒരു ഡ്രാഫ്റ്റ് സാങ്ഷൻ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയിൽ ജൈവകൃഷി പഠിപ്പിക്കൽ, പരിശീലിപ്പിക്കൽ, വ്യാപിപ്പിക്കൽ, സാക്ഷ്യപത്രം നൽകൽ, വിപണനം, അടിസ്ഥാനസൗകര്യം വികസിപ്പിക്കൽ എന്നിവ ഉൾപ്പെടുത്തുന്നതായിരിക്കും.

(ബി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് കേരളത്തിൽ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് എഴുതിയിട്ടുണ്ട്.

(സി) ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്ന അവസരത്തിൽ സംസ്ഥാനത്തിന്റെ ആവശ്യം നിശ്ചയമായും കണക്കിലെടുക്കുന്നതാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി&ഇ) സംസ്ഥാനസർക്കാർ അങ്ങനെ ആവശ്യപ്പെട്ടിട്ടില്ല.

(എഫ്) ഡബ്ല്യൂ.ടി.ഒ. യുടെ തീരുമാനം വാർത്താമാദ്ധ്യമങ്ങൾ മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) മാദ്ധ്യമങ്ങളിൽനിന്നും അറിവായ വിവരങ്ങളനുസരിച്ച് കാര്യങ്ങൾ നടക്കുകയാണെങ്കിൽ സംസ്ഥാനത്തെ സുഗന്ധവ്യജ്ഞനങ്ങളുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയുണ്ട്.

(എച്ച്) മുകളിൽപ്പറഞ്ഞ ആക്ഷൻ പ്ലാനിന് അന്തിമരൂപം നൽകി നടപ്പാക്കുമ്പോൾ ഇതിന് കുറേ പരിഹാരമാകും.

അന്ത്യോദയ പദ്ധതി

17 (*372) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. സാജു പോൾ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്ത്യോദയ പദ്ധതി പ്രകാരം കുറഞ്ഞ വിലയ്ക്ക് അരി ലഭ്യമാക്കുവാൻ അർഹതയുള്ള കുടുംബങ്ങൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയനുസരിച്ച് അരി വിതരണം നടത്തുന്നതിന് എത്ര ടൺ അരി പ്രതിമാസം ആവശ്യമുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയനുസരിച്ച് വിതരണം ചെയ്യേണ്ട അരി പൂർണ്ണമായും കേന്ദ്രം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) അന്ത്യോദയ പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) അന്ത്യോദയ പദ്ധതിയനുസരിച്ച് വിതരണം ചെയ്യുന്ന അരിയുടെ ഗുണമേന്മ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) :

(എ) ഉണ്ട്. 271575 കുടുംബങ്ങൾ.

(ബി) പ്രതിമാസം 9505.125 മെട്രിക് ടൺ അരി ആവശ്യമുണ്ട്.

(സി) നൽകുന്നുണ്ട്.

(ഡി) ഉണ്ട്. രണ്ട് ലക്ഷത്തോളം കുടുംബങ്ങളെ അധികമായി ചേർക്കുന്നതാണ്. താഴെ പറയുന്ന മൂന്ന് മുൻഗണനാ വിഭാഗങ്ങളെ കൂടുതലായി ചേർക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

1. നിരാശ്രയരും നിശ്ചിതമായ ഉപജീവനമാർഗ്ഗം ഇല്ലാത്തവരുമായ വിധവകൾ, മാരകരോഗ ബാധിതരായിട്ടുള്ളവർ, അംഗവൈകല്യം സംഭവിച്ചവർ, 60 വയസ്സോ അതിനുമുകളിലോ പ്രായമുള്ള വ്യക്തികൾ എന്നിവർ നാഥൻ/നാഥയായിട്ടുള്ള കുടുംബങ്ങൾ.
2. നിരാശ്രയരും നിശ്ചിത വരുമാനമില്ലാത്തവരും കുടുംബമില്ലാത്തവരുമായ വിധവകൾ, മാരകമായ രോഗ ബാധിതരായിട്ടുള്ളവർ, അംഗ വൈകല്യം സംഭവിച്ചവർ, ഏകൻ/ഏകയായ പുരുഷനോ സ്ത്രീയോ 60 വയസ്സോ അതിനു മുകളിലോ പ്രായമുള്ളവർ.
3. ആദിമ ഗോത്രവർഗ്ഗ കുടുംബങ്ങൾ.

(ഇ) ഗുണമേന്മയുള്ള അരിയാണ് വിതരണം ചെയ്തു വരുന്നത്.

നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മാറ്റം വരുത്താനുള്ള തീരുമാനം

18 (*373) ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിൽ നിന്ന് വിരമിക്കുന്ന ഗവൺമെന്റ് ജീവനക്കാർക്ക് നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly